

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്


SOCIAL JUSTICE DEPARTMENT

care, protection & empowerment

# വയോജനങ്ങളും സാമൂഹ്യനീതി വകുപ്പും

# സംസ്ഥാന വയോജന നയം 2013

1. സാമ്പത്തിക സുരക്ഷ
2. ആരോഗ്യ സേവനങ്ങൾ
3. ഭവന നിർമാണം
4. മുതിർന്നവരുടെ സേവന വിനിയോഗം (re-employment)
5. ക്ഷേമം-പൊതുവിടങ്ങൾ വയോജന സൗഹൃദമാക്കുക
6. തലമുറകളുടെ സംയോജനം
7. കുടുംബ തല സംരക്ഷണം
8. സ്ഥാപനതല സംരക്ഷണം മെച്ചപ്പെടുത്തുക
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ച്ചുമതലകൾ
10. NGO കളുടെ പ്രവർത്തനം
11. നിയമ പരമായ സംരക്ഷണം



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ




- വയോജനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ സൂക്ഷിക്കുക
- പെൻഷൻ അർഹതയുള്ളവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കുക
- ഡേ-കെയർ സെന്റർ പ്രവർത്തനം മോണിറ്റർ ചെയ്യുക
- ഒറ്റപ്പെട്ടു താമസിക്കുന്നവർക്ക് സേവനം ഉറപ്പു വരുത്തുക
- സ്പെഷ്യൽ ഗ്രാമസഭ, വയോജന സൗഹൃദ വേദി എന്നിവ ഒരുക്കുക

**മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007**

- സാമൂഹ്യ നീതി വകുപ്പ് നോഡൽ ഡിപാർട്ട്മെന്റ് ആണ്.
- സ്വന്തം സമ്പാദ്യം കൊണ്ടോ ഉടമസ്ഥതയിൽ ഉള്ള സ്വത്തു കൊണ്ടോ സ്വയം സംരക്ഷിക്കാൻ കഴിയാത്ത വയോജനങ്ങൾക്ക് സംരക്ഷണം, ജീവനാംശം എന്നിവ ഉറപ്പു വരുത്തുന്നു
- RDO മാർ മെയിന്റനൻസ് ട്രൈബ്യൂണലുകളായി പ്രവർത്തിക്കുന്നു. ജില്ലാ കളക്ടർ മാർ അപ്പലേറ്റ് ട്രിബ്യൂണൽ ആണ്.
- പരാതി RDO മാർക്കാണ് നൽകേണ്ടത്.
- നിയമ പ്രകാരം Rs. 10,000/- വരെ സംരക്ഷണ ചെലവ് നൽകുന്നതിനു മക്കൾക്കോ മറ്റു അനന്തര അവകാശികൾക്കോ ഉത്തരവ് നല്കാൻ RDO-യ്ക്ക് അധികാരമുണ്ട്
- നിയമത്തിലെ വകുപ്പ് 23 പ്രകാരം 24/09/2008-നു ശേഷം വ്യവസ്ഥകൾക്ക് വിധേയമായി കൈമാറ്റം ചെയ്ത വസ്തുക്കൾ തിരികെ ലഭിക്കുന്നതിനു മുതിർന്ന പൗരന് അവകാശമുണ്ട്.
- നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ

## സാമൂഹ്യ നീതി വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ





1. Revenue Divisional Officer-മാരെ സഹായിക്കുന്നതിനായി ട്രൈബ്യൂണലുകളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിരിക്കുന്നു.
2. കൺസിലിയേഷൻ ഓഫീസർമാരെയും എല്ലാ ട്രൈബ്യൂണലുകളിലും നിയമിച്ചിട്ടുണ്ട്.
3. കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുന്നു.
4. ആക്ട് സംബന്ധിച്ച ബോധവല്ക്കരണ പരിപാടികൾ നടത്തി വരുന്നു.
5. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വയോജന കൌൺസിൽ പ്രവർത്തിച്ചു വരുന്നു

# പദ്ധതി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനതല നടപടികൾ




- അവബോധ രൂപീകരണ പ്രവർത്തനങ്ങൾ ശക്തമാക്കുക
- മുതിർന്ന പൗരന്മാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ജാഗ്രത സമിതികൾ ശാക്തീകരിക്കുക, തദ്ദേശ തല ഇടപെടൽ ശക്തമാക്കുക.
- മെയിന്റനൻസ് ഉത്തരവ് പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുക
- Residents association, വയോജന ക്ലബ്, പോലീസ് എന്നിവരുടെ സഹായത്തോടെ അതിക്രമങ്ങൾ തടയുക

# എൽഡർലൈൻ പദ്ധതി




- മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനും, സീനിയർ സിറ്റിസൺസ് വെൽഫെയർ ആക്ട് ശരിയായി നടപ്പിലാക്കുന്നതിനുമായി കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എൽഡർലൈൻ.
- 2021 നവംബർ 1 മുതൽ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ട്.
- **14567** എന്ന ടോൾഫ്രീ നമ്പറിലാണ് എൽഡർലൈൻ പ്രവർത്തിക്കുന്നത്.
- രാവിലെ 8 മുതൽരാത്രി 8 മണി വരെയാണ് എൽഡർലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നത്.
- ഏത് മൊബൈൽ നെറ്റ് വർക്കിൽ നിന്നും മുതിർന്ന പൗരന്മാർക്കായുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ പൊതു ജനങ്ങൾക്ക് ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
- എൽഡർലൈൻ പദ്ധതിയിലൂടെ അഗതികളായ മുതിർന്നപൗരന്മാരുടെ ക്ഷേമവും സുരക്ഷയും, ദുരിതബാധിതർക്ക് കൗൺസിലിംഗ് സഹായം, കൂടാതെ നിയമസഹായം എന്നിവ ഉറപ്പ് നൽകുന്നു.

## പദ്ധതി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനതല നടപടികൾ

- Elderline ഫീൽഡ് തല ജീവനക്കാർക്ക് ആവശ്യമായ പിന്തുണ ASHA പ്രവർത്തകർ, അംഗണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ മുഖേന ഉറപ്പ് വരുത്തുക.
- വാതിൽപ്പടി സേവനം നൽകുന്ന പഞ്ചായത്തുകൾ Elderline കാൾ സെന്റർ സേവനം ഉപയോഗിക്കുക.
- Elderline സേവനം സംബന്ധിച്ച് എല്ലാവർക്കും അറിയിപ്പ് നൽകുക.
- അടിയന്തിര സാഹചര്യങ്ങളിൽ ചികിത്സ സഹായമോ പുനരധിവാസമോ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ Elderline ജീവനക്കാരുമായി സഹകരിച്ചു ആവശ്യമായ തുടർ നടപടി സ്വീകരിക്കുക

# സായംപ്രഭാ ഹോം പദ്ധതി

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകികൊണ്ട് നവീകരിക്കുന്ന പദ്ധതി.**


a) സായംപ്രഭ ഭവനങ്ങളെ പ്രദേശത്തെ വയോജനങ്ങളുടെ ആവശ്യാടിസ്ഥാനത്തിലുള്ള സേവന വിതരണ (Service Delivery Point) കേന്ദ്രങ്ങളാക്കി പ്രവർത്തിപ്പിക്കുക.
b) വയോജനങ്ങൾക്ക് പകൽ സമയങ്ങൾ സമപ്രായക്കാരുമായും ആരോഗ്യകരമായും ചിലവഴിക്കാനുള്ള ഒരു കേന്ദ്രമാക്കി പ്രവർത്തിപ്പിക്കുക
c) വയോജന ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന സർക്കാർ-സർക്കാരിതര പദ്ധതികളുടെ വിവരങ്ങൾ അർഹരായ വയോജനങ്ങളിലേയ്ക്കെത്തിക്കുന്ന അന്വേഷണ-വിവര കേന്ദ്രങ്ങളാക്കി (Information Hub) മാറ്റുക.
d) വയോജനങ്ങളുടെ വിവിധ തരത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും സമൂഹതലത്തിൽ നിർവ്വഹിക്കുന്ന കേന്ദ്രമാക്കി മാറ്റുക.
e) സായംപ്രഭ ഭവനങ്ങളിലൂടെ വയോജനങ്ങളുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളെയും പ്രവർത്തനങ്ങളെയും പറ്റിയുള്ള ബോധവത്കരണ പരിപാടികള് ആസൂത്രണം ചെയ്യുക ആയത് നടപ്പിലാക്കുക.
f) പോഷകാഹാരക്കുറവുള്ള വയോജനങ്ങൾക്ക് സായംപ്രഭ ഭവനങ്ങൾ വഴി പോഷകാഹാരം ഉറപ്പാക്കുക
g) വയോജനങ്ങൾക്ക് നേരിടേണ്ടി വരുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും നിയമപരമായ സഹായങ്ങൾ ലഭ്യമാക്കുക.
h) വയോജനങ്ങൾക്ക് ശാരീരികോല്ലാസത്തിനും മാനസികോല്ലാസത്തിനുമായി യോഗ, കൗൺസിലിംഗ്, മെഡിറ്റേഷൻ തുടങ്ങിയവ ലഭ്യമാക്കുക

- നിലവിൽ 54 തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്
- നടപ്പുവർഷം 50 സ്ഥാപനങ്ങളെ കൂടി (ഒരു ജില്ലയിൽ നിന്നും 5 പഞ്ചായത്തുകളെ വീതം) പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയും
- കെയർ ഗിവർ ഹോണറേറിയം ഇനത്തിൽ പ്രതിമാസം Rs. 7,000/- വീതം സായംപ്രഭ പഞ്ചായത്തുകൾക്ക് സാമൂഹ്യ നീതി വകുപ്പ് അനുവദിച്ചു വരുന്നു
- കൂടാതെ പകൽ പരിപാലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്
- ഇതിന്റെ ഭാഗമായി പദ്ധതി പ്രദേശത്ത് വയോജന സർവേ നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു
- കെയർ ഗിവർമാർക്കും, പഞ്ചായത്ത് തല പ്രതിനിധികൾക്കും പരിശീലനം നൽകുന്നതാണ്
- സായംപ്രഭ ഹോം ഗൈഡ് ലൈൻസ് തയ്യാറാക്കുന്നതാണ്
- വയോജനങ്ങൾക്ക് ഗുണകരമായ വിഷയങ്ങളിൽ ക്ലാസ്സ് ,യോഗ ,counselling , നിയമ സഹായം,ആരോഗ്യ പരിശോധന, പോഷകാഹാരം നൽകൽ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു

സായംപ്രഭ

# പദ്ധതി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപന തല നടപടികൾ

i. പദ്ധതി വിജയകരമാക്കുന്നതിനു പഞ്ചായത്തിന്റെ സജീവ ഇടപെടൽ, മോണിറ്ററിംഗ് ആവശ്യമാണ്.
ii. മികച്ച അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കണം.
iii. വയോജന കൂട്ടായ്മകളെ പകൽ വീടുകളുമായി ബന്ധിപ്പിക്കുകയും ശക്തിപ്പെടുത്തു കയും വേണം.
iv. സർവ്വേ പ്രവർത്തനങ്ങൾക്ക് പിന്തുണ സംവിധാനം ഒരുക്കുക.
v. പഞ്ചായത്ത് പരിധിയിലെ വയോജന സേവന സംവിധാനങ്ങളെ (സന്നദ്ധം പ്രവർത്തകർ ,paliative പ്രവർത്തകർ) സായംപ്രഭ പദ്ധതിയുമായി ഫലപ്രദമായി സംയോജിപ്പിക്കുക.




വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ

## വയോരക്ഷ പദ്ധതി

- മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം നല്കുന്ന പദ്ധതിയാണ് വയോരക്ഷ പദ്ധതി.
- ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയവരോ, സംരക്ഷിക്കാന് ബന്ധുക്കൾ ഇല്ലാത്തവരോ ആയ നിർധനരായ വയോജനങ്ങൾക്ക് അടിയന്തിര പ്രാഥമിക ശുശ്രൂഷ നല്കൽ, അടിയന്തിര ശസ്ത്രക്രിയ, കോവിഡുമായി ബന്ധപ്പെട്ടുള്ള ചികിത്സ, ആംബുലന്സ് സേവനം, പുനരധിവാസം, കെയർ ഗിവർമാരുടെ സേവനം, അത്യാവശ്യ ഘട്ടങ്ങളിൽ വയോജനങ്ങൾക്ക് ഉപയോഗപ്രദമായ സഹായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവയ്ക്ക് പണം ചെലവഴിക്കുന്നതിന് ജില്ല സാമൂഹ്യ ഓഫീസർമാർക്ക് അനുമതി നല്കിയിരിക്കുന്നു.

## വയോമധുരം പദ്ധതി

- സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നല്കുന്ന പദ്ധതിയാണ് വയോമധുരം.
- പദ്ധതി ആരംഭിച്ചത് 2018 ലാണ്.
- ഈ പദ്ധതി പ്രകാരം ഇതിനകം 18200 ഓളം ഗ്ലൂക്കോമീറ്റർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട്.

## വയോപോഷണം

- വയോജനങ്ങൾക്ക് ന്യൂട്രീഷണൽ സപ്പോർട്ട് എന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് വയോപോഷണം
- സായംപ്രഭ ഹോമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരന്മാര്‍ക്ക് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഫുഡ് കിറ്റ് വിതരണം ചെയ്യുന്നത്.

# സ്ഥാപനതല സംരക്ഷണം

## സർക്കാർ വൃദ്ധ സദനങ്ങൾ

- 60 വയസ്സ് കഴിഞ്ഞതും ആരും സംരക്ഷിക്കാനില്ലാത്തതും നിരാശ്രരരുമായമുതിര്ന്ന പൗരന്മാരുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരളത്തിൽ 14 ജില്ലകളിലായി 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ച് വരുന്നു.

## NGO-കൾ നടത്തുന്ന വൃദ്ധ സദനങ്ങൾ

- സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.
- 2021-22 സാമ്പത്തിക വർഷം 199 സന്നദ്ധ സംഘടനകൾ മുഖേന സംരക്ഷണം നൽകിവരുന്ന 8147 വയോജനങ്ങൾക്ക് മേൽപ്പറഞ്ഞ പ്രകാരം ഗ്രാന്റ് അനുവദിച്ച് നല്കിയിരുന്നു.
- പ്രതിമാസം ഒരു താമസക്കാരന് 1100/- രൂപനിരക്കിലാണ് NGO-യ്ക്ക് ഗ്രാന്റ് നൽകിവരുന്നത് .

## സെക്കന്റ് ഇന്നിംഗ്സ് ഹോം

- വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് വൃദ്ധ സദനങ്ങളിൽ സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി ആവിഷക്കരിച്ച് നടപ്പിലാക്കി വരുന്നു.
- സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നടപ്പിലാക്കി വരുന്ന ടി പദ്ധതി 2018-ൽ കണ്ണൂർ വൃദ്ധസദനത്തിലാണ് ആരംഭിച്ചത്.
- ഈ പദ്ധതി വിജയകരമായതിനെ തുടർന്ന് മലപ്പുറം, കൊല്ലം ജില്ലകളിലെ വൃദ്ധ സദനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

## ഡിമെൻഷ്യ കെയർ സെന്റർ

- അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനായി ARDSI-യുമായി സഹകരിച്ച തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും, എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു.

# മറ്റു പദ്ധതികൾ

## വയോജന പാർക്ക്

- വയോജനങ്ങൾക്ക് സായാഹ്നങ്ങളിൽ ഒത്തു കൂടുന്നതിനുള്ള ഒരിടം ക്രമീകരിക്കുക, പൊതു റോഡുകളുടെ തിരക്കുകളിൽ നിന്നും ഒഴിഞ്ഞ് പ്രഭാത സവാരി ചെയ്യുക, ലഘു വ്യായാമങ്ങൾചെയ്യുക,സന്ധ്യാ വേളകൾ സന്തോഷപ്രദമാക്കുക,സർഗ്ഗാത്മക ശേഷിയുള്ളവർക്ക് ഒറ്റയ്ക്കും കൂട്ടായും അത് പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക,തുടങ്ങി വിവിധങ്ങളായ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് വയോജന പാർക്കുകൾ ആരംഭിക്കുന്നത് വഴി സർക്കാർ ലക്ഷ്യമിടുന്നത്.

- എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, മഞ്ഞള്ളൂർ പഞ്ചായത്തിലെ വാഴക്കുളം എന്ന സ്ഥലത്ത് മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ കൂടി പങ്കാളിത്തത്തോടു കൂടി സാമൂഹ്യനീതി വകുപ്പിന്റെ ആദ്യത്തെ വയോജന പാർക്ക് നിർമിച്ചു

## വയോസേവന അവാർഡ്

- വയോജന സേവന മേഖലയിൽ മികച്ച സേവനം നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും, മെയിന്റനൻസ് ട്രിബ്യൂണലുകൾക്കും, ഓൾഡ് ഏജ് ഹോമുകൾക്കും അവാർഡ് നൽകുന്നതോടൊപ്പം വിവിധ മേഖലകളിൽ മികവു തെളിയിച്ച മുതിർന്ന പൌരന്മാരെ ആദരിക്കുന്നതിനുമായി സാമൂഹ്യ നീതി വകുപ്പ് വയോസേവന പുരസ്കാരം എന്ന സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകിവരുന്നു.

# വയോജന ക്ഷേമ പ്രവർത്തനങ്ങൾ മറ്റു വകുപ്പ് /ഏജൻസികളിലൂടെ

## വയോമിത്രം

- സംസ്ഥാനത്ത് 65 വയസ്സിന് മുകളിലുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി കോര്പറേഷന്/നഗര സഭാ പ്രദേശങ്ങളില് മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് കെയർ, ഹെല്പ് ഡസ്ക്, കൗൺസിലിംഗ് സേവനങ്ങൾ എന്നിവ ലഭ്യമാകുന്ന പദ്ധതിയാണ് വയോമിത്രം.
- കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

## ആശ്വാസകിരണം

- ശാരീരികവും മാനസികവുമായ വൈകല്യമുള്ള കിടപ്പിലായ രോഗികൾക്കും ഗുരുതരമായ രോഗങ്ങൾ ഉള്ളവർക്കും ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ സാഹചര്യങ്ങളിൽ ഈ സ്കീം പ്രകാരം പ്രതിമാസം 600/- രൂപ ധനസഹായം നൽകി വരുന്നു.

## കാരുണ്യ@ഹോം

- വയോജനങ്ങൾക്ക് ഒരു കൈ താങ്ങായി മരുന്നുകൾ മിതമായ നിരക്കിൽ നേരിട്ട് അവരുടെ മേൽ വിലാസത്തിൽ എത്തിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാരുണ്യ@ഹോം എന്ന പദ്ധതി പ്രകാരം ടോൾ ഫ്രീ നമ്പർ ആയ 1800 599 8844 എന്ന നമ്പറിലോ karunyaathome@gmail.com എന്ന മെയിൽ ഐ.ഡി.യിലോ ബന്ധപ്പെടാവുന്നതാണ്.
- തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണിക്കും വൈകുന്നേരം 5 മണിക്കും ഇടയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## പ്രശാന്തി ഹെല്പ് ലൈൻ

- ഒറ്റപ്പെടൽ, ജീവിതശൈലീ രോഗങ്ങൾ, മരുന്നിൻറെ ലഭ്യത സംബന്ധിച്ച ആശങ്ക ഇത്തരത്തിൽ വയോജനങ്ങൾ നേരിടുന്ന അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം കാണുകയാണ് പ്രശാന്തി എന്ന പദ്ധതിയിലൂടെ. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ സജ്ജീകരിച്ചിട്ടുണ്ട്.
- ജനമൈത്രി പോലീസിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന പ്രശാന്തി ഹെല്പ് ലൈനിലേക്ക് വരുന്ന കാളുകൾ ബീറ്റ് പോലീസ് മുഖേന വേണ്ട സേവനങ്ങൾ ചെയ്തു കൊടുക്കുന്നതാണ്. (Ph- 9497900035, 9497900045 )

## കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP)

- ഇതുപ്രകാരം സർക്കാർ സ്വകാര്യ മേഖലകളിലെ ചികിത്സക്കായി ഓരോ വർഷവും അർഹതപ്പെട്ട കുടുംബങ്ങൾക്കു 5 ലക്ഷം രൂപ വരെ ലഭിക്കുന്നതായിരിക്കും.
- പരിശോധനക്കോ ചികിത്സക്കോ വേണ്ടി ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്നതിനു മുൻപുള്ള 3 ദിവസത്തെ ചെലവും കൂടാതെ ആശുപത്രി വാസത്തിനു ശേഷമുള്ള 15 ദിവസത്തെ ചെലവും ഈ പദ്ധതിയിലൂടെ നിർവഹിക്കപ്പെടുന്നതായിരിക്കും.
- കുടുംബാംഗങ്ങളുടെ പ്രായം ലിംഗം എന്നിവ പരിഗണിക്കാതെ തന്നെ എല്ലാ വ്യക്തികൾക്കും ചികിത്സ ആനുകൂല്യം KASP-PMJY പദ്ധതിയിലൂടെ ലഭിക്കുന്നതായിരിക്കും.
- സർക്കാർ സ്വകാര്യ ആശുപത്രിയെന്ന പരിഗണന കൂടാതെ രാജ്യത്തെ തെരെഞ്ഞെടുക്കപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും പണമീടാക്കാതെ തന്നെ ചികിത്സ ലഭിക്കുന്നതായിരിക്കും.

## നവജീവൻ പദ്ധതി

- കേരളത്തിലെ Employment Exchange-കളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻ (50-65) മാർക്കുള്ള സ്വയംതൊഴിൽ പദ്ധതി.

## സാമൂഹിക സുരക്ഷാ പെൻഷൻ

- പഞ്ചായത്ത് വകുപ്പ് മുഖേന സംസ്ഥാനത്തെ ഗുണഭോക്താക്കൾക്ക് വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നു.

# സൗജന്യ നിയമ സഹായം

- വിവിധ ആവശ്യങ്ങൾക്കായി നിയമോപദേശം തേടുന്ന പൊതുജനങ്ങൾക്ക് തങ്ങളുടെ വ്യക്തി വിവരങ്ങൾ അജ്ഞാതമായി സൂക്ഷിച്ചു കൊണ്ടുതന്നെ കെൽസയുടെ ടോൾ ഫ്രീ ഹെല്പ് ലൈൻ നമ്പറിലേക്ക് (9846700100) വിളിക്കാവുന്നതാണ്.
- പൂർണ്ണമായ നിയമോപദേശം എന്നതിലുപരി ഒരു പ്രത്യേക സാഹചര്യത്തിൽ എന്തു ചെയ്യണമെന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

# വയോജന മേഖലയിൽ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പ്രവർത്തനങ്ങൾ

വയോജന മേഖലയിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിനു കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടു കൂടി ഒരു സമഗ്ര വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള പദ്ധതി. പ്രസ്തുത പോർട്ടൽ വഴി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ നടപ്പിലാക്കൻ ലക്ഷ്യം വയ്ക്കുന്നു

വയോജനങ്ങളുടെ സമഗ്ര സർവ്വേ,

1. ക്ഷേമ സ്ഥാപനങ്ങളുടെ മോണിറ്ററിംഗ്
2. സായംപ്രഭ ഭവനങ്ങളുടെ ഓൺലൈൻ മോണിറ്ററിംഗ്,
3. MWPSC ആക്ടുമായി ബന്ധപ്പെട്ട പരാതികൾ, കേസുകളുടെ മോണിറ്ററിംഗ് ഓൺലൈൻ വഴി നടപ്പിലാക്കൽ



- വയോജന മേഖലയിൽ പ്രവർത്തിക്കുന്ന കെയർ ഗീവർമാർ, ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും. സാമ്പത്തികചൂഷണം ഉൾപ്പടെ ഈ മേഖലയിൽ അനുദിനം ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു നിയമ നിർമാണം ആവശ്യമായി വന്നിരിക്കുന്ന സാഹചര്യത്തിൽ ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് വകുപ്പ് ആരംഭം കുറിച്ചിട്ടുണ്ട്

- ഒരു **വയോജന കമ്മീഷൻ** രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

- വയോജന നയത്തിൽ കാലികമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചു വരുന്നു

- നിർധനരും കിടപ്പ് രോഗികളും ആയ മുതിർന്ന പൌരന്മാർക്ക് മാത്രമായി NGO കളുമായി സഹകരിച്ചു പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന നടപടികളും സർക്കാർ പരിഗണിച്ചു വരുന്നു

സാമൂഹ്യനീതി വകുപ്പ്

# Thank You

SOCIAL JUSTICE DEPARTMENT

care, protection & empowerment

swdkerala@gmail.com